"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം - പുനലൂർ താലൂക്ക് സമാജം ഗേൾസ് ഹൈ സ്കൂളിലെ എച്ച്.എസ്.ടി(അറബിക്) ശ്രീമതി.സലീന എം ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No26751/2021 ലെ 26.11.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2359/2022/GEDN തീയതി,തിരുവനന്തപുരം, 11-04-2022

പരാമർശം:-

1. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.26751/2021 ലെ 26.11.2021 ലെ വിധിന്യായം
2. ശ്രീമതി.സലീന എം ന്റെ 06.09.2021 ലെ റിവിഷൻ ഹർജി
3. പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23.02.2022 ലെ ബി2/4364/2021 നമ്പർ കത്ത്
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 03.03.2022 ലെ ഇ.റ്റി5/15167/21/ഡിജിഇ നമ്പർ കത്ത്
5. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 05.03.2022 ലെ ഡി.ഡി.ഇ.കെ.എൽ.എം/872/2022-ബി6 നമ്പർ കത്ത്

**ഉത്തരവ്**

പുനലൂർ താലൂക്ക് സമാജം ഗേൾസ് ഹൈ സ്കൂളിലെ എച്ച്.എസ്.ടി(അറബിക്) ശ്രീമതി.സലീന എം ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.26751/2021 ലെ 26.11.2021 ലെ വിധിന്യായത്തിൽ ഹർജിക്കാരി സർക്കാർ മുമ്പാകെ ഫയൽ ചെയ്ത എക്സിബിറ്റ് പി 2 റിവിഷൻ ഹർജി, ഹർ ജിക്കാരിയെയും 4-ാം എതിർ കക്ഷിയേയും ഉചിത മാർഗേണ വാദം കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദേശം നല്കിയിരുന്നു. ആയതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് വഴി 9.3.2022ന് കേട്ടു. ഹർജിക്കാരിയുടെ വാദം ചുവടെ ചേർക്കുന്നു.

"കൊല്ലം ജില്ലയിലെ പുനലൂർ താലൂക്ക് സമാജം കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലെ ചെമ്മന്തൂർ ഹൈസ്കൂളിലെ എച്ച്.എസ്.ടി അറബിക് ശ്രീ.ഇസ്മയിൽ ഖനി വിദേശത്ത് ജോലിക്കായി ദീർഘകാലം ശൂന്യവേതന അവധി എടുത്ത ഒഴിവിൽ 15/10/1999 മുതൽ 20/10/2005വരെ ലീവ് സബ്സ്റ്റിറ്റ്യൂട്ടായി നിയമിതയാവുകയും പുനലൂർ ജില്ലാവിദ്യാഭ്യാസ ഓഫീസർ അപ്രൂവൽ അനുവദിച്ച് ശമ്പളവും അലവൻസും കൈപ്പറ്റിയതുമാണ്. ഇപ്രകാരം ഈ മാനേജ്മെന്റിന്റെ കീഴിൽ ഞാൻ ഒരു 51എ അവകാശിയാണ്.

പുനലൂർ താലൂക്ക് സമാജം കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിലുള്ള മറ്റൊരു വിദ്യാലയമായ പുനലൂർ ഗേൾസ് ഹൈസ്കൂളിൽ നിന്നും അവിടുത്തെ എച്ച്.എസ്.ടി അറബിക് ആയ ശ്രീമതി.ഡോ.എസ്.ഐഷാബീവിയെ ചെമ്മന്തൂർ ഹൈസ്കൂളിലേക്ക് പ്രധാന അദ്ധ്യാപികയായി പ്രമോഷൻ നൽകി സ്ഥലം മാറ്റി നിയമിച്ചതുമൂലമുണ്ടായ ഒഴിവിൽ 03/06/2013 മുതൽ എച്ച്.എസ്.ടി അറബിക് ആയി പുനലൂർ ഗേൾസ് ഹൈസ്കൂളിൽ എന്നെ നിയമിച്ചതായിരുന്നു. എന്റെ നിയമനം വ്യവസ്ഥാപിതവും വ്യക്തവുമായ ഒഴിവിലായിരുന്നു.

ശ്രീമതി.ഡോ.എസ്.ഐഷാബീവിയുടെ പ്രധാന അദ്ധ്യാപികയായുള്ള നിയമനം പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അപ്രൂവൽ അനുവദിക്കുകയുണ്ടായില്ല. ടിയാരിക്ക് ബി.എഡ് യോഗ്യത നേടിയതിനു ശേഷം 1 2 വർഷത്തെ സർവ്വീസ് ഇല്ലെന്ന കാരണത്താൽ പ്രധാന അദ്ധ്യാപികയായുള്ള പ്രമോഷൻ നിഷേധിക്കുകയും പ്രധാന അദ്ധ്യാപികയുടെ പൂർണ്ണ ചുമതല നൽകി അപ്രൂവൽ അനുവദിക്കുകയുമായിരുന്നു.

31/05/2015 ന് ശ്രീമതി. ഡോ.എസ് ഐഷാബീവി സർവ്വീസിൽ നിന്ന് വിരമിച്ചതായിരുന്നു. ഇപ്രകാരം എന്റെ നിയമനം ശ്രീമതി. ഡോ.എസ്.ഐഷാബീവി വിരമിച്ചതിനു ശേഷം 01/06/2015 മുതൽ മാത്രമേ പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അപ്രൂവൽ അനുവദിക്കുകയുണ്ടായുള്ളൂ. ഈ വിധം 03/06/2013 മുതൽ 31/05/2015 വരെ വ്യവസ്ഥാപിതമായ ഒഴിവിൽ രണ്ട് വർഷം ജോലി ചെയ്ത കാലഘട്ടം അപ്രൂവൽ അനുവദിക്കുകയുണ്ടായില്ല. നിരവധി പരാതികളും അപ്പീലുകളും സമർപ്പിച്ചെങ്കിലും നാളിതുവരെ അനുകൂലമായ ഉത്തരവുകളൊന്നും ലഭിച്ചിട്ടില്ല.

ശ്രീമതി. ഡോ.എസ്.ഐഷാബീവി യുടെ നിയമനം പ്രധാന അദ്ധ്യാപക തസ്തികയിൽ അപ്രൂവൽ അനുവദിച്ചിട്ടില്ലെങ്കിലും പ്രധാന അദ്ധ്യാപികയുടെ പൂർണ ചുമതല നൽകികൊണ്ട് നിയമന തിയ്യതിക്ക് തന്നെ പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നൽകിയിട്ടുണ്ട്. കെ.ഇ.ആർ ചട്ടങ്ങൾക്ക് വിധേയമായി സെക്കണ്ടറി സ്കൂളിലെ പ്രധാന അദ്ധ്യാപക തസ്തിക ആ വിദ്യാലയത്തിന് അനുവദിക്കുന്ന മൊത്തം സബ്ജക്ട് തസ്തികകളുടെ എണ്ണത്തേക്കാൾ അധികമായി അനുവദിക്കുന്നതാണ്. ആയതു കൊണ്ട് പ്രധാന അദ്ധ്യാപക തസ്തികയുടെ ചുമതലക്കാരിയാകുന്നതോടെ തന്റെ ലാവണത്തെ ജോലികൾ ചെയ്യേണ്ടതില്ല. അവർ പ്രധാന അദ്ധ്യാപക തസ്തികയിലെ സ്വതന്ത്ര ചുമതലകൾ വഹിക്കുന്നതാണ്. ഇപ്രകാരം പ്രധാന അദ്ധ്യാപികയുടെ പൂർണ ചുമതല അനുവദിച്ച് ശ്രീമതി. ഡോ.എസ്.ഐഷാബീവിക്ക് അപ്രൂവൽ അനുവദിക്കുക വഴി ഹൈസ്കൂൾ വിഭാഗത്തിൽ ഉണ്ടായ ഒഴിവ് സ്പഷ്ടമാണ്. ഈ ഒഴിവിലാണ് എന്നെ നിയമിച്ചിട്ടുള്ളതും ഞാൻ രണ്ട് വർഷമായി ജോലി ചെയ്തിട്ടുള്ളതും. പ്രൈമറി പ്രധാന അദ്ധ്യാപക തസ്തികയിൽ നിന്നും വ്യത്യസ്തമായി സെക്കണ്ടറി പ്രധാന അദ്ധ്യാപക തസ്തിക സ്വതന്ത്രമായി അനുവദിക്കുന്നതു കൊണ്ടും സ്വതന്ത്ര തസ്തികയിലെ പൂർണ ചുമതല അപ്രൂവൽ അനുവദിച്ചതു കൊണ്ടും എന്റെ നിയമനം അപ്രൂവൽ അനുവദിക്കാവുന്നതേയുള്ളൂ.

പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീമതി. ഡോ.എസ്.ഐഷാബീവി സർവ്വീസിൽ നിന്ന് വിരമിച്ചതിനു ശേഷം 01/06/2015 മുതൽ മാത്രമേ അപ്രൂവൽ അനുവദിക്കുകയുണ്ടായുള്ളൂ. മുകളിൽ

പ്രസ്താവിച്ച വിധം വ്യവസ്ഥാപിതവും വ്യക്തവുമായ ഒഴിവിൽ 03/06/2013മുതൽ നിയമിതയായ എന്റെ നിയമനം 31/05/2015വരെ അപ്രൂവൽ അനുവദിക്കുന്നതിനും അക്കാലത്തേക്കുള്ള ശമ്പള കുടിശ്ശിക അനുവദിക്കുന്നതിനും അതിനോടനുബന്ധിച്ച് ഇൻക്രിമെന്റ്, ശമ്പള പരിഷ്കരണം, ഗ്രേഡ് എന്നിവ പുനക്രമീകരിക്കുന്നതിനും തദ്വാരാ ലഭ്യമാക്കേണ്ട ശമ്പള കുടിശ്ശിക അനുവദിക്കുന്നതിനും ഉത്തരവ് നൽകുന്നതിനായി വിനയപൂർവ്വം അപേക്ഷിക്കുന്നു."

2) പൊതുവിദ്യാഭ്യാസ ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"15/10/1999 മുതൽ 31/05/2000 വരെയും 05/06/2000മുതൽ 20/10/2005വരെയുള്ള കാലയളവുകളിൽ അംഗീകരിക്കപ്പെട്ട സേവനങ്ങൾക്കുള്ള ചട്ടം 51എ അവകാശിയായ ശ്രീമതി.സലീന എം.നെ മാനേജർ 03/06/2013 മുതൽ താലൂക്ക് സമാജം ഗേൾസ് ഹൈസ്കൂളിൽ എച്ച്.എസ്.ടി (അറബിക്) അധ്യാപികയായി നിയമിക്കുകയുണ്ടായി. ടി നിയമനം താഴെ പറയുന്ന കാരണങ്ങളാൽ ഈ ആഫീസിൽ നിന്ന് നിരസിച്ച് നൽകുകയും ചെയ്തു. "ശ്രീമതി. സലീന.എം, എച്ച്.എസ്.ടി (അറബിക്) നെ ഉൾക്കൊള്ളുന്നതിന് വ്യവസ്ഥാപിത ഒഴിവില്ല".

ശ്രീമതി. സലീന.എം നെ 03/06/2013 തീയതി പ്രാബല്യത്തിൽ മാനേജർ നിയമിച്ചിരുന്നത് ടി സ്കൂളിലെ എച്ച്.എസ്.ടി (അറബിക്) അധ്യാപികയായിരുന്ന ശ്രീമതി.എസ്.ഐഷാബീവിയെ ടി മാനേജ്മെന്റിന്റെ പരിധിയിലുള്ള ചെമ്മണ്ണൂർ എച്ച്.എസ്.ലേക്ക് പ്രഥമാധ്യാപികയായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിലായിരുന്നു.

ശ്രീമതി. എസ്.ഐഷാബീവി 2012 ഡിസംബർ മാസത്തിലായിരുന്നു ഇഗ്നോയിൽ നിന്ന് സയൻസും, ഇംഗ്ലീഷും ഐശ്ചിക വിഷയമായി ബി.എഡ് നേടിയിരുന്നത്. പ്രഥമാധ്യാപക നിയമനത്തിന് 12വർഷത്തെ ഗ്രാജ്വേറ്റ് സർവ്വീസ് വേണമെന്നിരിക്കെ വ്യത്യസ്ത വിഷയങ്ങളിൽ 4 മാസത്തെ ഗ്രാജ്വേറ്റ് യോഗ്യത മാത്രമേ ടിയാരിക്ക് ഉണ്ടായിരുന്നുള്ളൂ കൂടാതെ ടിയാരി നേടിയിരുന്ന എൽ.റ്റി.റ്റി.ഇ യോഗ്യത കോളേജ് തല ട്രെയിനിംഗ് ആയി പരിഗണിക്കാത്തതിനാൽ അതും ഗ്രാജ്വേറ്റ് സർവ്വീസിന്റെ പരിധിയിൽ വരുമായിരുന്നില്ല. മേൽ കാരണങ്ങളാൽ ശ്രീമതി.എസ്.ഐഷാബീവിയുടെ 01/04/2013 മുതലുള്ള നിയമനം ഈ ആഫീസിൽ നിന്ന് നിരസിച്ച് നൽകിയതിനാൽ ടിയാരിയുടെ സ്ഥാനക്കയറ്റ ഒഴിവിലേക്ക് നിയമിതയായ ശ്രീമതി. സലീന.എം.ന്റെ നിയമനം വ്യവസ്ഥാപിത ഒഴിവില്ലാത്ത കാരണം ആണ് നിരസിക്കപ്പെടുകയാണുണ്ടായത്. കൂടാതെ നിയമനം നടക്കുന്ന സമയത്ത് ടിയാരി വകുപ്പുതല പരീക്ഷകൾ പാസ്സായിട്ടുണ്ടായിരുന്നില്ല.

ഇവിടെ ശ്രീമതി.ഐഷാബീവിയ്ക്ക് പ്രഥമാധ്യാപികയുടെ അധികച്ചുമതല നൽകിയതിലൂടെ ശ്രീമതി.സലീന.എം.നെ നിയമിച്ച ഒഴിവ് വ്യവസ്ഥാപിതം ആകുന്നില്ല. കാരണം 31/05/2015 ൽ വിരമിക്കുന്നതുവരെ ടിയാരി പ്രഥമാധ്യാപികയുടെ ചാർജ്ജ് വഹിച്ചുകൊണ്ട് എച്ച്.എസ്.ടി സ്കെയിലിൽ വേതനം വാങ്ങി വരുകയാണുണ്ടായത്. ശ്രീമതി. ഐഷാബീവി വിരമിച്ചതിന് ശേഷം ടിയാരിയുടെ വിരമിക്കൽ ഒഴിവിൽ 01/06/2015തീയതി പ്രാബല്യത്തിൽ ശ്രീമതി. സലീന എം.ന്റെ എച്ച്.എസ്.ടി (അറബിക്) നിയമനം ഈ ഓഫീസിൽ നിന്നും 28/05/16 ലെ ബി2/1406/2016/ഡി.ഡിസ് നം. ഉത്തരവ് പ്രകാരം അംഗീകരിച്ചു നൽകി എന്ന് റിപ്പോർട്ട്

ചെയ്തുകൊള്ളുന്നു."

3) വിദ്യാഭ്യാസ ഉപഡയറക്ടറുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ശ്രീമതി.ഐഷാബീവിയ്ക്ക് പ്രഥമാദ്ധ്യാപികയുടെ അധികച്ചുമതല നൽകിയിരുന്നെങ്കിലും ചാർജ്ജ് അലവൻസ് നൽകിയിട്ടില്ല എന്ന് പുനലൂർ ജില്ലാ വിദ്യാഭ്യാസ ആഫീസർ അറിയിച്ചിട്ടുണ്ട്. കെ.ഇ.ആർ അദ്ധ്യായം XIVഎ ചട്ടം 45 (സി) (6)പ്രകാരം നിയമിക്കപ്പെടുന്ന ടീച്ചർ ഇൻ-ചാർജിന് അയാൾക്ക് തന്റെ ഗ്രേഡിൽ ലഭിക്കുന്ന ശമ്പളത്തിന് പുറമേ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ചാർജ് അലവൻസിന് അർഹതയുണ്ടായിരിക്കുമെന്നും, ഹെഡ്മാസ്റ്ററുടെ തസ്തികയിൽ അയാളെ ഉൾപ്പെടുത്തുകയും, തന്മൂലം ഉണ്ടാകുന്ന അദ്ധ്യാപക ഒഴിവിൽ പകരം നിയമനം നടത്തുകയും ചെയ്യാവുന്നതാണെന്ന് കെ.ഇ.ആർ അദ്ധ്യായം XIV എ ചട്ടം 45 (സി) ഉപചട്ടം (7) ൽ വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത സാഹചര്യത്തിൽ കെ.ഇ.ആർ അധ്യായം XIV എ ചട്ടം 45 (സി) ( 7 ) പ്രകാരം ശ്രീമതി. സലീന.എം.ന്റെ 03/06/2013 മുതലുള്ള നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകാരത്തിനായി പരിഗണിക്കാവുന്നതാണ് എന്ന വസ്തുത അറിയിക്കുന്നു."

4 ) മേൽ വിവരിച്ച വസ്തുതകൾ ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. കൊല്ലം വിദ്യാഭ്യാസ ഉപ ഡയറക്ടർ റിപ്പോർട്ടു ചെയ്തിട്ടുള്ള ചട്ടപ്രകാരമുള്ള സ്ഥിതി പരിശോധിക്കുമ്പോൾ, കെ.ഇ.ആർ അദ്ധ്യായം XIV A ചട്ടം 45C(6) പ്രകാരം ടീച്ചർ ഇൻ-ചാർജ നിയമിക്കപ്പെടുന്ന വേളയിൽ തന്മൂലം ഉണ്ടാകുന്ന അദ്ധ്യാപക ഒഴിവിൽ പകരം നിയമനം നടത്തവുന്നതാണെന്ന് ഉപചട്ടം (7) ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ച്, ശ്രീമതി.ഐഷാബീവിയ്ക്ക് പ്രഥമാദ്ധ്യാപികയുടെ അധികച്ചുമതല നൽകിയതു മൂലം ഉണ്ടായ ഒഴിവിൽ ഹർജിക്കാരിയായ ശ്രീമതി. സലീന.എം.ന്റെ 03.06.2013 മുതലുള്ള നിയമനം സാധുവാണ്. ഈ സാഹചര്യത്തിൽ ഹർജിക്കാരിയുടെ 03.06.2013 മുതലുള്ള നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം പുനലൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നൽകി, എക്സിബിറ്റ്.പി.2 റിവിഷൻ തീർപ്പാക്കി അപ്രകാരം പുനലൂർ താലൂക്ക് സമാജം ഗേൾസ് ഹൈ സ്കൂളിലെ എച്ച്.എസ്.ടി(അറബിക്) ശ്രീമതി.സലീന എം ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.26751/2021 ലെ 26.11.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പുനലൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം

സ.ഉ.(സാധാ) നം.2359/2022/GEDN

അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം

മാനേജർ, പുനലൂർ താലൂക്ക് സമാജം കോർപ്പറേറ്റ് മാനേജ്മെന്റ് ഹൈ സ്കൂൾസ്, പുനലൂർ, വാളക്കോട് പി.ഒ, കൊല്ലം

ശ്രീമതി.സലീന എം., എച്ച്.എസ്.ടി (അറബിക്), പുനലൂർ താലൂക്ക് സമാജം ഗേൾസ് ഹൈ സ്കൂൾസ്, പുനലൂർ, വാളക്കോട് പി.ഒ, കൊല്ലം

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by Shahna Kumari S
L
Date: 18-04-2022 10:31:08
സെക്ഷൻ ഓഫീസർ